# Athmaraksha.org

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## മുസ്ലീം അഭയാർത്ഥികളെ കൂടെക്കൂട്ടി ഫ്രാൻസിസ് പാപ്പ വത്തിക്കാനിലേക്ക്!



വത്തിക്കാൻ സിറ്റി: ഗ്രീക്ക് ദ്വീപായ ലെസ്ബോസിൽനിന്ന് ഫ്രാൻസിസ് പാപ്പ മടങ്ങിയത് വെറും കൈയ്യോടെയല്ല. താൻ പോകുന്ന വിമാനത്തിൽ അഭയാർത്ഥികളായി വിഷമിച്ച മൂന്ന് മുസ്ലീം കുടുംബങ്ങളിലെ 12 പേരെ കൂടെക്കൂട്ടി പാപ്പ. അവർക്ക് വത്തിക്കാനിൽ എല്ലാവിധ സഹായവും താമസവും ഒരുക്കുമെന്ന് പാപ്പ. ലോകമനസാക്ഷിയെ ചലിപ്പിച്ച പ്രവർത്തിയായി ഫ്രാൻസിസ് പാപ്പയുടെ ഈ ധീരത.

ഗ്രീക്ക് ദ്വീപായ ലെസ്ബോസിൽനിന്ന് സന്ദർശനം കഴിഞ്ഞ് മടങ്ങിയ ഫ്രാൻസിസ് പാപ്പ അഭയാർത്ഥികളോടുള്ള തന്റെ സ്നേഹം അക്ഷരാർത്ഥത്തിൽ പ്രകടിപ്പിച്ചു. ലോകം മുഴുവനും ചുറ്റിസഞ്ചരിച്ച് വീടും ബന്ധങ്ങളും നഷ്ടപ്പെട്ടവർക്കുവേണ്ടി സംസാരിക്കുക മാത്രമല്ല താൻ ചെയ്യുന്നതെന്നുള്ള പാപ്പയുടെ ഉച്ചത്തിലുള്ള പ്രഘോഷണമായി അത്. ഇന്നുവരെ ഒരു മാർപാപ്പയും ചെയ്യാത്ത പ്രവൃത്തിയായി അത്. 12 അഭയാർത്ഥികളെ തന്റെ യാത്രാവിമാനത്തിൽ കയറ്റി വത്തിക്കാനിലേക്ക് കൊണ്ടുപോയി അവിടെ താമസിക്കുവാൻ അവർക്ക് ക്രമീകരണങ്ങളൊരുക്കിയാണ് പാപ്പ മാതൃക കാട്ടിയത്.

'അഭയാർത്ഥികളിൽപെട്ട മൂന്ന് കുടുംബങ്ങളെയാണ് പാപ്പ വത്തിക്കാനിലേക്ക് കൊണ്ടുപോയത്. ഇവർ മുസ്ലീം വിശ്വാസികളാണ്. ആറുപേർ കുട്ടികൾ. രണ്ടു കുടുംബങ്ങൾ ഡമാസ്കസിൽനിന്നും ഒന്ന് ഡെയ്ർ അസോറിൽനിന്നും. ഐസിസ് ഭീകരതയുടെ കാഠിന്യം മൂലം ഒളിച്ചോടേണ്ടി വന്ന കുടുംബങ്ങളെയാണ് പാപ്പ കൂടെക്കൂട്ടിയത്. അവരുടെ വീടുകൾ ബോംബാക്രമണത്തിൽ തകർക്കപ്പെട്ടിരുന്നു.' വത്തിക്കാൻ ഔദ്യോഗിക പത്രക്കുറിപ്പിൽ വ്യക്തമാക്കി.

നറുക്കെടുപ്പിലൂടെയാണ് മൂന്ന് കുടുംബങ്ങളെയും തിരഞ്ഞെടുത്തത് എന്നതിനാൽ യാതൊരു പക്ഷപാതവും കാട്ടിയെന്ന പരാതിയില്ല. ഗ്രീക്ക്, ഇറ്റാലിയൻ ഇമ്മിഗ്രേഷൻ ഡിപ്പാർട്ട്മെന്റുകളും ഈ സത്പ്രവർത്തിക്ക് ചുക്കാൻ പിടിച്ചു. ഏപ്രിൽ 16 നായിരുന്നു ഫ്രാൻസിസ് പാപ്പയുടെ ഗ്രീസ് യാത്ര. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയോ ഒന്നാമനും, ഗ്രീസിന്റെയും ഏഥൻസിന്റെയും

ആർച്ച്ബിഷപ് ഐറേണിമോസും, പാപ്പമനോളിസിലെ ആർച്ച്ബിഷപ് ഫ്രാങ്കിസ്കോസും പാപ്പയോടൊപ്പം അഭയാർത്ഥികളെ സന്ദർശിക്കുവാനെത്തിയിരുന്നു. ദാരിദ്ര്യവും അക്രമവും മൂലം വലയുന്ന കുടുംബങ്ങളെ സന്ദർശിക്കുകയായിരുന്നു ലക്ഷ്യം.

2015 ൽ മാത്രം ഐസിസ് ഭീകരതയുടെയും മറ്റ് പ്രശ്നങ്ങളുടെയും പേരിൽ യൂറോപ്പിലേക്ക് പലായനം ചെയ്തവർ 1 മില്യണിൽ കൂടുതലുണ്ട്. യൂറോപ്യൻ യൂണിയനെപ്പോലും ഈ അഭയാർത്ഥി പ്രവാഹം അങ്കലാപ്പിലാക്കിയിരുന്നു. എങ്കിലും ഏതുവിധേനയും അഭയാർത്ഥികൾക്കായി വാതിൽതുറക്കപ്പെടണമെന്ന് ഫ്രാൻസിസ് പാപ്പ നിരന്തരം അന്താരാഷ്ട്രസമൂഹത്തോട് ആവശ്യപ്പെട്ടിരുന്നു. വത്തിക്കാൻ ഈ മൂന്ന് കുടുംബങ്ങളുടെയും എല്ലാ ചിലവുകളും വഹിക്കുകയും അവരുടെ താമസസൗകര്യവും കുട്ടികളുടെ വിദ്യാഭ്യാസവും ഏറ്റെടുക്കുകയും ചെയ്യും.

പാപ്പയുടെ കൂടെ യാത്രയായവരിൽ ഹസനും നൂറും വിവാഹിതരായവരാണ്. രണ്ടുവയസ്സുള്ള കുട്ടിയുണ്ട്. അവർ രണ്ടുപേരും ഡമാസ്കസിൽനിന്നുള്ള എൻജിനിയർമാരുമാണ്. തങ്ങളുടെ രാജ്യത്ത് ബോംബാക്രമണം ശക്തമായപ്പോൾ ടർക്കിയിലേക്ക് പലായനം ചെയ്ത അവർ പിന്നീടാണ് ലെസ്ബോസിൽ എത്തിയത്. മറ്റൊരു കുടുംബം റാമിയും സുഹിലയും. മൂന്ന് കുഞ്ഞുങ്ങളുണ്ട് അവർക്ക്. ഇസ്ലാമിക് ഭീകരർ സിറിയ ആക്രമിച്ചപ്പോൾ പലായനം ചെയ്തവർ. റാമി അധ്യാപകനും സുഹില വസ്ത്രം ഡിസൈൻ ചെയ്യുന്ന ജോലിയിലുമായിരുന്നു. 2016 ഫെബ്രുവരി മാസത്തിലാണ് അവർ ഗ്രീസിലെത്തിയത്. മറ്റൊരു കുടുംബം ഓസാമയും വാഫയും. അവർക്ക് രണ്ടുകുട്ടികൾ. ഈ കുട്ടികൾ ഭയംമൂലം ചിലപ്പോഴൊക്കെ സംസാരശേഷി നഷ്ടപ്പെട്ടവരായി കാണുന്നു. അത്രയേറെ ഭീകരമായിരുന്നു അവർ നേരിട്ട ബോംബാക്രമണത്തിന്റെ അലയൊലികൾ.

കടപ്പാട് : in.sundayshalom.com